(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ കമ്മ്യൂണൽ റൊട്ടേഷൻ പ്രകാരം എത്ര പേർക്ക് നിയമനം നൽകി ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ മലയാളം എച്ച്.എസ്.എ. ഒഴിവുകൾ മുഴുവൻ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിൽ നിയമനം പൂർണ്ണമായും നടപ്പിലാക്കിയോ ;

(ഇ) റാങ്ക് ലിസ്റ്റിൽ നിന്നും ഉള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനു എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24-3-2000.

(ബി) പി.എസ്.സി.യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(സി) 25-5-1999-ലെ ജി.ഒ.(എം.എസ്.) നം. 120/99 പൊതു വിദ്യാഭ്യാസം പ്രകാരം പി.എസ്.സി. വഴി നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം പി.എസ്.സി.ക്കു നൽകേണ്ടതായ ഒഴിവുകൾ കൃത്യസമയത്തിനു തന്നെ റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം

34 (35) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറൻസിക് ലബോറട്ടറിയിൽ സയന്റിഫിക് അസിസ്റ്റന്റ് (ഡോക്കുമെന്റ്സ്) തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇനി എത്ര പേരുടെ ഒഴിവ് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവിടെ ഈ തസ്തികയിലേക്ക് പി.എസ്.സി. വഴി അല്ലാതെ നിയമനം ലഭിച്ചവർ ഉണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഒഴിവുള്ള ഈ തസ്തികയിലേക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) ഒഴിവുകളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) 1-9-2001-ൽ.

(ഡി) പി.എസ്.സി. മുഖേന അല്ലാതെ ആർക്കും തന്നെ ഈ തസ്തികയിൽ നിയമനം നൽകിയിട്ടില്ല.

(ഇ) ഒഴിവുകൾ നിലവിലില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ നിയമനത്തിന് തയ്യാറാക്കിയ ലിസ്റ്റ്

35 (36) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ പി.എസ്.സി. ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ നിയമനത്തിന് തയ്യാറാക്കിയ ലിസ്റ്റ് തിരുവനന്തപുരം ജില്ലയിൽ നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇതിൽനിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയെന്ന് സംവരണാടിസ്ഥാനത്തിൽ പറയാമോ ;

(സി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വകുപ്പുതലവന്മാർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1076 പേർക്ക് നിയമനഉപദേശം നൽകിയിട്ടുണ്ട്. ഓപ്പൺ കോമ്പറ്റീഷനിലും സംവരണാടിസ്ഥാനത്തിലും അഡ്വൈസ് ചെയ്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

1.	ഓപ്പൺ കോമ്പറ്റീഷൻ	536
2.	ഈഴവ	122
3.	എസ്.സി	86
4.	എസ്.റ്റി.	22
5.	മുസ്ലീം	109
6.	എൽ.സി./ആംഗ്ലോഇന്ത്യൻ	43
7.	ഒ.ബി.സി.	67
8.	വിശ്വകർമ്മ	19
9.	നാടാർ	32
10.	ഒ.എക്സ്.	21
11.	ധീവര	19

LIBRARY ARCHIVES Kerala Legislative Assembly